പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2704 **28-10-2026-ൽ മറുപടിയ്ക്ക്**

നദികളിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം വർധിക്കുന്നത് പരിഹരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ നദികളുടെ താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് കുടിവെള്ള ലഭ്യതയെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിഭാസം തടയുന്നതിനും ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്ന നദികളുടെ താഴ്ന്ന പ്രദേശങ്ങളിൽ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നത് കുടിവെള്ള ലഭ്യതയെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രതിഭാസം തടയുന്നതിനും ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ, തടയണകൾ, ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ, ലോക്കുകൾ എന്നിവയുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ, ഷട്ടറുകളുടെ പരിപാലനം, തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാമനപുരം നദിയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി പൂവൻപാറ ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. തോടുകളിൽ നിന്നും കൃഷിസ്ഥലത്തേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഷട്ടർ സംവിധാനം നടപ്പിലാക്കി വരുന്നു. നെയ്യാർ നദിയുടെ താഴ്ഭാഗത്ത് കൂടി ഒഴുകുന്ന ജലത്തിൽ ഉപ്പുവെള്ളം കയറുന്നതിന് പരിഹാരമായി ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാവിളക്കടവ് പാലത്തിന് സമീപം ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ലോക്ക്-ന്റെ നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

കുട്ടനാട് ഭാഗത്തെ നെൽപാടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ യഥാസമയങ്ങളിൽ പ്രവൃത്തിപ്പിച്ചു വരുന്നുണ്ട്. കൂടാതെ പുറക്കാട് കൃഷിഭവന്റെ പരിധിയിൽ വരുന്ന മാന്ത്രമീഞ്ചാൽ പാടശേഖരത്തിൽ ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനായി മാന്ത്രതോടിനു കുറുകെയും, അപ്പർകുട്ടനാട് പ്രദേശത്ത് ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിന് പുളിക്കീഴാറിന് കുറുകെ ഓരുമുട്ട് നിർമ്മിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കി വരുന്നു.

പെരിയാറിന്റെ വിവിധ കൈവഴികൾക്ക് കുറുകെ ഉപ്പുവെള്ള പ്രതിരോധത്തിനായി പുറപ്പള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നിവിടങ്ങളിൽ മൂന്ന് റെഗുലേറ്റർ കം ബ്രിഡ്ജുകളും ചാലക്കുടി പുഴയ്ക്ക് കുറുകെ കണക്കൻക്കടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജും പ്രവർത്തിച്ചു വരുന്നു. ചേറ്റുവ ഭാഗത്ത് നിന്നുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം തടയുന്നതിനായി എല്ലാ വർഷവും താൽക്കാലിക ബണ്ടുകൾ നിർമ്മിക്കാറുണ്ട്. തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ, പ്രത്യേകിച്ച് കരുവന്നൂർ പുഴയിലും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന കാർഷിക മേഖലകളിലും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ എല്ലാ കൊല്ലവും സ്വീകരിച്ചുവരുന്നതാണ്. ഇതിനായി കരുവന്നൂർ പുഴയിലെ മുനയത്ത് എല്ലാ വർഷവും താൽക്കാലിക ബണ്ട് നിർമ്മിച്ചുവരുന്നു. കൂടാതെ, റെഗുലേറ്ററുകളും സൂയിസുകളും പ്രവർത്തിപ്പിച്ച് കാർഷിക ആവശ്യങ്ങൾക്കായി ശുദ്ധജലം നിലനിർത്തുന്നതിനും ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഭാരതപ്പുഴയുടെ കൈവഴിയായ കാഞ്ഞിരപ്പുഴയ്ക്ക് കുറുകെ ബീയ്യം റെഗുലേറ്റർ കം ബ്രിഡ്ജ്ജിന്റെ ഷട്ടറുകൾ അടച്ച് പൊന്നാനി തൃശ്ശൂർ കോൾ മേഖലയിലെ 3000 ഹെക്ടർ കൃഷിക്കും ജലസേചനത്തിനുമാവശ്യമായ വെള്ളം സംഭരിക്കുകയും ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനുമുള്ള നടപടികൾ വർഷം തോറും സ്വീകരിച്ചു വരുന്നു. തിരൂർ-പൊന്നാനി പുഴയ്ക്ക് കുറുകെ നിലവിലുള്ള കൂട്ടായി RCB യുടെ അറ്റകുറ്റ പണികൾ പൂർത്തിയാക്കുന്നതോടുകൂടി മംഗലം കൂട്ടായി ഗ്രാമ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് തടയാനാകുന്നതാണ്.

തൃക്കരിപ്പൂർ പഞ്ചായത്തിൽ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ ഉപ്പു വെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലായിയിൽ ഉപ്പു വെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ്, പൊടോതുരുത്തിയിൽ രണ്ട് ഉപ്പു വെള്ള പ്രതിരോധ ക്രോസ്സ് ബാറും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തൃക്കരിപ്പൂർ മണ്ഡലത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് വിവിധ പ്രദേശങ്ങളിൽ കരസംരക്ഷണ പ്രവൃത്തിൾക്കായുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ കേരള ജല അതോറിറ്റി മുഖേന പ്രസ്തുത പ്രതിഭാസം തടയുന്നതിനായി താത്കാലിക തടയണകൾ/ബണ്ടുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനായി നടപടികൾ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ കൈക്കൊള്ളാറുണ്ട്. എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ ഇൻടേക്ക് ചാലക്കുടിപ്പുഴയിലെ കണക്കൻകടവിലാണ്. കണക്കൻകടവിലുള്ള ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ തകരാറിലായതുകൊണ്ടും കോഴിതുരുത്തിലെ മണൽബണ്ടിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാത്തതിനാലും വേനൽകാലത്ത് റോ വാട്ടർ ഇൻടേക്കിലേക്ക് ഉപ്പുവെള്ളം കയറുന്നതു മൂലം പുത്തൻവേലിക്കര പഞ്ചായത്തിലേക്കുള്ള കുടിവെള്ളവിതരണം തടസ്സപ്പെടുന്നുണ്ട്. ഉപ്പുവെള്ളം കയറി കുടിവെള്ള വിതരണം തടസപ്പെടുന്നത് ഒഴിവാക്കാനായി മണൽ ബണ്ട് നിർമാണം വേഗത്തിലാക്കുവാൻ അറിയിച്ചുകൊണ്ട് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനും ബന്ധപ്പെട്ട അധികാരികൾക്കും കത്ത് നൽകാറുണ്ട്. നിലവിൽ മേൽ പ്രദേശത്ത് മണൽ ബണ്ട് നിർമാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്ഥിരം പരിഹാരമെന്നോണം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ തകരാർ പരിഹരിച്ച് ഉപ്പുവെള്ളംകയറുന്നത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെയും ബന്ധപ്പെട്ട അധികാരികളെയും അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയിൽ ഉപ്പുവെള്ളം കയറുന്നതിനാൽ വടകര മുനിസിപ്പാലിറ്റി, വേളം പഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണത്തിൽ ഉപ്പുവെള്ളം

കയറി വിതരണം തടസ്സപ്പെടാറുണ്ട്. ഇതിനു താത്കാലിക പരിഹാരമെന്നോണം കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ അനുമതിയോടെ പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമിന്റെ ഷട്ടർ തുറന്ന് പുഴയിലേക്ക് വെള്ളം തുറന്നു വിടാറുണ്ട്. കൂടാതെ ഉപ്പുവെള്ളം കയറുന്നത് പൂർണമായും ഒഴിവാക്കാൻ നിലവിൽ കുറ്റ്യാടി പുഴയിലെ പെരുഞ്ചേരി കടവിൽ ജലവിഭവകുപ്പിന്റെ കീഴിൽ KIIDC ന്റെ മേൽനോട്ടത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം നടന്നു വരികയാണ്. ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ജല സ്രോതസ്സുകളായ ഉള്ളികപുഴ, കുരങ്കോട്ട് കടവ് എന്നിവിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് പൂർണമായും ഒഴിവാക്കാൻ കഴിയും.

കൂടാതെ കാസർഗോഡ് ജില്ലയിൽ തേജസ്വിനി പുഴക്ക് സമീപമുള്ള ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ ഉപ്പ് വെള്ളം കയറി കുടിവെള്ള വിതരണത്തെ ബാധിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇത് മൂലം വേനൽകാലത്തു ചെറുവത്തൂർ പഞ്ചായത്തിലും നീലേശ്വരം മുനിസിപ്പാലിറ്റിലേയും ജല വിതരണത്തെ ഭാഗികമായി ബാധിക്കാറുണ്ട്. നിലവിൽ ഉപ്പ് വെള്ളം കയറാത്ത ജല സ്രോതസ്സുകൾ ആധാരമാക്കിയാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികളിലാണ് ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുള്ളതെന്നും വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് രൂക്ഷമാകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

<u>മറുപടി:</u> വാമനപുരം നദി, മാമം നദി, പമ്പ, അച്ചൻകോവിലാർ, മണിമലയാർ, പെരിയാർ, കടമ്പ്രയാർ, ചിത്രപ്പുഴ, ചാലക്കുടിപ്പുഴ, തിരൂർ-പൊന്നാനി പുഴ, കടലുണ്ടിപ്പുഴ, ചാലിയാർപ്പുഴ, വളപട്ടണം, കുപ്പം, പെരുമ്പ, രാമപുരം, മയ്യിച്ച, കവ്വായി, കാര്യങ്കോട്, നീലേശ്വരം, കുമ്പള, ഷിറിയ, സ്വർണ്ണഗിരി, ചന്ദ്രഗിരി, മൊഗ്രാൽ, മഞ്ചേശ്വരം, ദേശീയ ജലപാതയുടെ ഭാഗമായ പൂരപ്പുഴ എന്നീ നദികളിൽ ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, നെയ്യാറിൽ മാവിളക്കടവ്, പാഞ്ചിക്കാട്ട് കടവ് എന്നിവിടങ്ങളിലും, തോട്ടപ്പള്ളി സ്പിൽവേ ചാനലിന്റെ അപ്സ്ട്രീം ഭാഗം, കൊടുങ്ങല്ലൂർ താലൂക്കിലെ അറബിക്കടലുമായി ചേർന്നുകിടക്കുന്ന പെരിയാറിന്റെ കൈവഴിയായ കാഞ്ഞിരപ്പുഴ വഴി അറപ്പത്തോട്, പെരുന്തോട്, പിസി കനാൽ, എന്നീ കനാലുകൾ വഴി കൊടുങ്ങല്ലൂർ, എറിയാട്, ഇടവിലങ്ങ്, എസ് എൻ പുരം, മതിലകം, പൂത്തൻചിറ, മാള, പൊയ്യ പഞ്ചായത്തുകളിൽ ഭൂരിഭാഗം പ്രദേശങ്ങളും ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളാണ്. തൃശ്ശൂർ കോൾ മേഖലയിലെ കരുവന്നൂർ പുഴയും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന ജലവിതരണ സംവിധാനവും ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കേണ്ട പ്രധാന മേഖലകളാണ്. വേനൽക്കാലത്ത് ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം തടയുന്നതിനായി റെഗുലേറ്ററുകൾ പ്രവർത്തിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നു.

പുറപ്പള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നീ റെഗുലേറ്ററുകളുടെ ഡൗൺസ്ട്രീം ഭാഗം, കടമ്പ്രയാർ (കോഴിച്ചിറ)-ൽ രാജഗിരി കോളേജിന്റെ ഡൗൺ സ്ട്രീം ഭാഗവും തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന, നീലേശ്വരം മുനിസിപ്പാലിറ്റി, വലിയപറമ്പ, ചെറുവത്തൂർ ഗ്രാമ പഞ്ചായത്തുകളുമാണ് വേനൽ കാലത്ത് ഉപ്പുവെള്ളം കയറുന്നത് രൂക്ഷമാകുന്ന പ്രദേശങ്ങൾ. വളപട്ടണം പുഴയിൽ വളപട്ടണം അഴി മുതൽ ഇരിക്കൂർ വരെയുള്ള ഭാഗങ്ങളിലും കുപ്പം പുഴയിൽ മാട്ടൂൽ അഴിമുഖം മുതൽ ചപ്പാരപ്പടവ് പാലം വരെയുള്ള ഭാഗങ്ങളിലും പെരുമ്പ പുഴയിൽ പാലക്കോട് മുതൽ കാനായി വരെയുള്ള ഭാഗങ്ങളിലും, രാമപുരം പുഴയിൽ മൂലക്കീൽ മുതൽ രാമപുരം വരെയുള്ള ഭാഗങ്ങളിലും വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് രൂക്ഷമാവാറുണ്ട്.

കൂടാതെ കേരള ജല അതോറിറ്റിയിൽ തിരുവനന്തപുരം ജില്ലയിൽ പാഞ്ചിക്കാട്ടുകടവ് പമ്പ് ഹൗസിനടുത്ത് നെയ്യാർ നദിയിൽ വേനൽ കാലത്തു ഉപ്പുവെള്ളം കയറാറുണ്ട്. കോട്ടയം ജില്ലയിൽ

മീനച്ചിൽ നദിയിലെ കുടമാളൂർ, താഴത്തങ്ങാടി, കല്ലുമട, അറുത്തുട്ടി, അഞ്ചുണ്ണി എന്നീ പ്രദേശങ്ങളിൽ വേനൽക്കാലത്തു ഉപ്പുവെള്ളം കയറാറുണ്ട്. തൃശ്ശൂർ ജില്ലയിൽ ചാലക്കുടിപ്പുഴയിലാണ് ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയിലും വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് രൂക്ഷമാകാറുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ തേജസ്വിനി പുഴക്ക് സമീപമുള്ള ജല അതോറിറ്റിയുടെ സ്രോതസ്സുകളിലും ഉപ്പ് വെള്ളം കയറി കുടിവെള്ള വിതരണത്തെ ബാധിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) കടലിൽ നിന്നുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം കുടിവെള്ള പദ്ധതികളെയും കാർഷിക ആവശ്യങ്ങൾക്കുള്ള ജലലഭ്യതയെയും ബാധിക്കുന്നതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ;

<u>മറുപടി:</u> പ്രസ്തുത വിഷയത്തിന്മേൽ ജലസേചന വകുപ്പിന് കീഴിൽ പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

(ഡി) നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ കാര്യക്ഷമമായി പരിപാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

<u>മറുപടി:</u> ജലസേചന വകുപ്പിന് കീഴിൽ നദികളിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനും വേനൽക്കാലത്ത് ജലനിരപ്പ് നിലനിർത്തുന്നതിനും വിവിധ റെഗുലേറ്ററുകളും സ്ലൂയിസുകളും പ്രവർത്തിപ്പിച്ചുവരുന്നു. നിലവിലുള്ള റെഗുലേറ്ററുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾക്കും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു.

ജലവിഭവ വകുപ്പിന് കീഴിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാവിളക്കടവ് പാലത്തിന് സമീപം ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ലോക്ക്-ന്റെ നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൊല്ലം ജില്ലയിൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആയതിന്റെ ജലസ്രോതസ്സായ കല്ലട ആറ്റിലേക്ക് ഉപ്പുവെള്ളം കടന്നുകയറുന്നത് തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുമായി ഞാങ്കടവ് പാലത്തിന്റെ താഴ്ഭാഗത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിന് ₹60.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുട്ടനാട് ഭാഗത്തെ നെൽപാടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ യഥാസമയങ്ങളിൽ പ്രവർത്തിപ്പിച്ചുവരുന്നു. ആയതിലേക്ക് തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

ഉപ്പുവെള്ള പ്രതിരോധത്തിനായി പുറപ്പിള്ളിക്കാവ്, മഞ്ഞുമ്മൽ, പാതാളം, കണക്കൻകടവ് റെഗുലേറ്റർ കം ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ചാലക്കുടി പുഴക്ക് കുറുകെ സ്ഥിതി ചെയ്യുന്ന കണക്കൻകടവ് RCB യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെട്ട പദ്ധതിയുടെ 36 കോടി രൂപയുടെ DPR ന് G.O.(Rt)No. 725/2026/WRD തീയതി 22.09.2026 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരമായി താൽക്കാലിക മണൽ ബണ്ടിനു പകരം കടമ്പ്രയാറിലെ കോഴിച്ചിറയിൽ പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ പഞ്ചായത്തിൽ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ ഉപ്പു വെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലായിൽ ഉപ്പു

വെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ്, പൊടോതുരുത്തിയിൽ രണ്ട് ഉപ്പു വെള്ള പ്രതിരോധ ക്രോസ്സ് ബാറും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തൃക്കരിപ്പൂർ മണ്ഡലത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് വിവിധ പ്രദേശങ്ങളിൽ കരസംരക്ഷണ പ്രവൃത്തിൾക്കായുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ബീയ്യം റെഗുലേറ്ററിന്റെ നിലവിലുള്ള ഇരുമ്പ് ഷട്ടറുകൾക്ക് ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം മൂലം കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടതിനാൽ ആയത് സ്റ്റീൽ ഷട്ടറാക്കി പുതുക്കി പണിയുന്ന പ്രവൃത്തി 'NABARD-RIDF-XXX- Interlinking of Bharathapuzha and Biyyam lake in Ponnani Taluk, Malappuram Dist എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരൂർ-പൊന്നാനി പുഴയിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൂട്ടായി RCB പുതുക്കി പണിയുന്നതിനായി RKI യിൽ ഉൾപ്പെടുത്തിയ 24,67,27,818/- രൂപയുടെ Repair and Rehabilitation of Koottayi Regulator Cum Bridge across Tirur Ponnani puzha in Mangalam Grama Panchayath in Malappuram Dist എന്ന പ്രവൃത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

കൂടാതെ കേരള ജല അതോറിറ്റിയിൽ ഉപ്പുവെള്ളപ്രതിരോധബണ്ടുൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ കാര്യക്ഷമമായി പരിപാലിക്കുന്നതിനുമുള്ള നടപടികൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ് ചെയ്തുവരുന്നത്. കൂടാതെ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ അനുമതിയോടെ പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമിന്റെ ഷട്ടർ തുറന്ന് പുഴയിലേക്ക് വെള്ളം തുറന്നുവിടാറുണ്ട്. ഉപ്പുവെള്ളം കയറുന്നത് പൂർണ്ണമായും ഒഴിവാക്കാൻ നിലവിൽ കുറ്റാടി പുഴയിലെ പെരുഞ്ചേരി കടവിൽ ജലവിഭവകപ്പിന്റെ കീഴിൽ KIIDC ന്റെ മേൽനോട്ടത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം നടന്നു വരികയാണ്.

(ഇ) നദികളിലെ ജലത്തിന്റെ ലവണാംശം നിരീക്ഷിക്കുന്നതിനും കുടിവെള്ള സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്ഥിരമായ പരിശോധനാ സംവിധാനം നിലവിലുണ്ടോ;

<u>മറുപടി:</u> കേരള ജല അതോറിറ്റിക്ക് കീഴിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു സ്റ്റേറ്റ് ലാബും, 14 ജില്ലാ ലാബുകളും, 71 ഉപ ജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയാറാക്കിയ ആക്ഷൻപ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ സ്രോതസ്സിൽ നിന്ന് ഉൾപ്പെടെ ശേഖരിച്ച് ജലത്തിന്റെ ഭൗതിക രാസ ജൈവ ഗുണനിലവാരം ലാബിൽ പരിശോധിച്ചു വരുന്നു. ലവണാംശം അറിയുന്നതിനുവേണ്ടി Chloride, TDS(Total Dissolved Solids) എന്നിവ നിയതമായ ഇടവേളകളിൽ ആക്ഷൻ പ്ലാൻ അനുസരിച്ച് വാട്ടർ അതോറിറ്റി സ്കീമുകളുടെ ജലസ്രോതസ്സുകളിൽ പരിശോധിച്ചു വരുന്നു. കൂടാതെ പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗത്തെ അറിയിക്കുന്നു. പരിഹാര നടപടികൾക്കു ശേഷം ക്വാളിറ്റി കൺട്രോൾ വിഭാഗം പുന:പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പുവരുത്തുന്നു.

(എഫ്) ഉപ്പുവെള്ളക്കയറ്റം മൂലം കുടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരപദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കേരള ജല അതോറിറ്റിയിൽ ഉപ്പുവെള്ളക്കയറ്റം മൂലം കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടി തടയണകൾ സ്ഥാപിക്കുന്നത് ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. കൂടാതെ പുത്തൻവേലിക്കര പഞ്ചായത്തിൽ ഉപ്പുവെള്ളം കയറുന്നത് മൂലമുള്ള കുടിവെള്ള വിതരണം തടസപ്പെടുന്നത് പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ചാലക്കുടിപ്പുഴയിലെ കണക്കൻ കടവിലുള്ള റെഗുലേറ്റർ കം ബ്രിഡ്ജിന്റെ തകരാറിലായ ഷട്ടറുകൾ മാറ്റി സ്ഥാപിക്കണമെന്ന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ